# INDIAN SCHOOL AL WADI AL KABIR

| | | |
|---|---|---|
| **CLASS: IX** | **DEPARTMENT: MALAYALAM** | **DATE: 20/04/2023** |
| **Class Note** | **Lesson: 'വിശ്വം ദീപമയം'** | **Topic: MCQ & Descriptive** |

## വിശ്വം ദീപമയം

**1. അർത്ഥം**

മാൽ= ദു:ഖം/ മഹി=ഭൂമി/ മാഴ്കുക= ദു:ഖിക്കുക, കരയുക/ നിശ= രാത്രി/ വപുസ്സ്= ശരീരം/ ഇനൻ= സൂര്യൻ/ ഉഡു= നക്ഷത്രം/പംക്തി= കൂട്ടം/ വിശ്രാന്തി=വിശ്രമം/ പൊരുൾ= അർത്ഥം/ അജൻ=ഈശ്വരൻ/ പ്രാദുർഭവിക്കുക= പ്രത്യക്ഷമാവുക/ മധ്യാഹ്നം= ഉച്ചസമയം/ ശുഭം=മംഗളം/ പ്രത്യഹം= ദിനംതോറും

**2. പര്യായപദങ്ങൾ**

ഭൂമി: മഹി, ധരിത്രി, ധരണി/ മനുഷ്യൻ: നരൻ, മർത്ത്യൻ, മാനവൻ/ രാത്രി: നിശ, നിശീഥിനി, രജനി/ ഈശൻ: ഈശ്വരൻ, പരൻ, ഭഗവാൻ/ ശരീരം: വപുസ്സ്, ഗാത്രം, കായം/ സൂര്യൻ: ഇനൻ, ദിനകരൻ, ദിവാകരൻ/ നക്ഷത്രം: ഉഡു, താരം, താരകം/ ഇരുട്ട്: അന്ധകാരം, തമസ്സ്, ധ്വാന്തം/ പകൽ: ദിനം, വസരം, അഹസ്സ്

**3. നാനാർത്ഥം**

മാൽ: ദുഖം, ഇരുട്ട്/ വേല: ജോലി, ഒരു മതാഘോഷം/ മതി: ബുദ്ധി, ചന്ദ്രൻ/ വിധി: ദൈവകല്പിതം, ഉത്തരവ്, നിയമം/ പൊരുൾ: അർത്ഥം, സമ്പത്ത്/ ഉരയ്ക്കുക: കൊളുത്തുക, പറയുക/ പംക്തി: കൂട്ടം, നിര/ കതിർ: സൂര്യരശ്മി, ധാന്യക്കുല

**4. അർത്ഥവ്യത്യാസം**

1. മാൽ = ദുഖം വേൽ=ശൂലം
2. ഇനൻ=സൂര്യൻ ഇനം=തരം
3. ഹിതം=ഇഷ്ടം ഹതം= നഷ്ടപ്പെട്ട
4. വിധി= ദൈവകല്പിതം നിധി= നിക്ഷേപം
5. മതി= ബുദ്ധി മഹി= ഭൂമി

**5. എതിർലിംഗം**

ധീരൻ – ധീര

**6. വിപരീതപദം**

ധർമ്മംxഅധർമ്മം/ഹിതം x അഹിതം/പ്രത്യാശ x നിരാശ/ശുഭം x അശുഭം /സൃഷ്ടി xസംഹാരം

**7. പിരിച്ചെഴുതുക**

ധർമ്മമല്ലേ= ധർമ്മം+അല്ലേ /മഹിയെന്ന്= മഹി+എന്ന് / സ്ഥാനത്തെ= സ്ഥാനം+എ / കാര്യമുണ്ടോ= കാര്യം+ഉണ്ടോ= / നിശയും= നിശ+ഉം / അതായിരിക്കാം =അത്+ആയിരിക്കാം/ പ്രത്യഹം=പ്രതി+അഹം / പ്രത്യാശ=പ്രതി+ആശ / സൂര്യാംശു=സൂര്യ+അംശു/

**8. വിഗ്രഹിച്ചെഴുതുക**

ഉഡുപംക്തി = ഉഡുക്കളുടെ പംക്തി / ദീപപ്രഭ=ദീപത്തിൻെറ പ്രഭ / തീക്കോല്= തീ കത്തിക്കാനുള്ള കോല് / സ്വച്ഛവിവേകം= സ്വച്ഛമായ വിവേകം/ സൂര്യാംശുദീപ്തം= സൂര്യാംശുവിനാൽ ദീപ്തം/ വിവേകദീപം= വിവേകമാകുന്ന ദീപം

**9. ഉത്തരമെഴുതുക**

*1. "തൻസൃഷ്ടിയിൽപ്പെട്ടൊരതിന്നുമീശൻ സ്ഥാനത്തെ നൽകേണ്ടതു ധർമ്മമല്ലേ?" ഏതിന്?*

ഉള്ളൂരിൻെറ 'വിശ്വം ദീപമയം' എന്ന കവിതയിൽ നിന്നുള്ള വരികളാണിവ. സുഖവും ദു:ഖവും ഈശ്വരൻ സൃഷ്ടിച്ചതാണെന്നും ഓരോ സൃഷ്ടിക്കും ദൈവം അതിൻെറ ധർമ്മം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുകയാണ് കവി. പകൽ പോലെ രാത്രിയും മനുഷ്യജീവിതത്തിന് അത്യാവശ്യമാണ്. പ്രഭാതത്തിൽ ശരീരത്തിന് ഉണർവ് നൽകാൻ രാത്രി കൂടിയേ തീരൂ. സുഖം പോലെ ദു:ഖവും ജീവിതത്തിന് ആവശ്യമായതു കൊണ്ടും അത് ഈശ്വരനിശ്ചയമായതു കൊണ്ടും ദു:ഖത്തെക്കുറിച്ചോർത്ത് പരിതപിക്കേണ്ടതില്ലെന്ന് ഉദ്ബോധിപ്പിക്കുകയാണ് കവി.

*2. "അതായിരിക്കാം പൊരുളാപ്രവൃത്തിക്കജൻ ഹിതം മർത്ത്യനറിഞ്ഞു ചെയ്‌വോൻ." മർത്ത്യൻെറ ഹിതം അറിഞ്ഞ് ദൈവം ചെയ്തത് എന്ത്?*

ജോലി ചെയ്യുന്നതിന് ഇത്രയും പകൽ, വിശ്രമിക്കുന്നതിന് ഇത്രയും രാത്രി എന്നിങ്ങനെ മനുഷ്യൻെറ ആവശ്യം അറിഞ്ഞാണ് ഈശ്വരൻ ദിവസം ക്രമപ്പെടുത്തിയിരിക്കുന്നത്. ആ ഈശ്വരഹിതം മനസ്സിലാക്കിയാണ് മനുഷ്യർ പകൽ പ്രവർത്തിക്കുകയും രാത്രി വിശ്രമിക്കുകയും ചെയ്യുന്നത്. പകലിനോടൊപ്പം രാത്രിയും
ആവശ്യമായതു പോലെ സുഖത്തോടൊപ്പം ദു:ഖവും ഈശ്വരൻ ബോധപൂർവ്വം മനുഷ്യർക്ക് നൽകിയതാണെന്ന് ഉപദേശിക്കുകയാണ് കവി.

*3. മിന്നാമിനുങ്ങിൻെറ പ്രവൃത്തി ചൂണ്ടിക്കാട്ടി കവി നൽകുന്ന സന്ദേശമെന്ത്?*

സന്ധ്യ ആയാൽ വിളക്ക് കത്തിക്കാനായി മിന്നാമിനുങ്ങ് കാത്തിരിക്കുന്നു. നിസ്സാരജീവിയായ മിന്നാമിനുങ്ങു പോലും ലോകത്തിന് വെളിച്ചം പകരാൻ തിടുക്കപ്പെടുമ്പോൾ മനുഷ്യരായ നമുക്ക് മാത്രം തിരി തെളിക്കാൻ എന്താണ് ദീനത എന്ന് കവി ചോദിക്കുന്നു.

ഇരുട്ടു പരക്കാതെ പ്രവൃത്തിയിലും ചിന്തയിലും വെളിച്ചം നിറയ്ക്കാൻ മനുഷ്യർ താൽപര്യം കാണിക്കണമെന്നാണ് മിന്നാമിനുങ്ങിനെ ഉദാഹരിച്ചു കൊണ്ട് കവി പറയുന്നത്. ആത്മവിശുദ്ധിയുടെ വെളിച്ചം ഉള്ളിൽ കാത്തുസൂക്ഷിക്കുന്നവർക്ക് ലോകത്തിൻെറ ഇരുട്ട് നീക്കി വെളിച്ചം പകരാൻ കഴിയുമെന്ന സന്ദേശമാണ് കവി നൽകുന്നത്.

*4. ആധുനിക കവിത്രയത്തിൽ ഉള്ളൂരിൻെറ സംഭാവന എന്ത്?*

ആധുനിക കവിത്രയത്തിലെ പ്രമുഖനായ കവിയാണ് ഉള്ളൂർ എസ്.പരമേശ്വരയ്യർ. മഹാകാവ്യം, ഖണ്ഡകാവ്യം, ചമ്പു, ലഘുകാവ്യങ്ങൾ, സാഹിത്യചരിത്രം, ലേഖനങ്ങൾ തുടങ്ങി വളരെ വിപുലമായ സാഹിത്യസഞ്ചയമാണ് അദ്ദേഹത്തിൽ നിന്ന് മലയാളത്തിനു ലഭിച്ചത്. പൗരാണികവും സമകാലികവുമായ വിഷയങ്ങളെ അദ്ദേഹം കൃതികൾക്ക് ഇതിവൃത്തമായി സ്വീകരിച്ചു. അറിവ്, മാനുഷികത, സ്വാതന്ത്ര്യബോധം, സഹജീവിസ്നേഹം, പുരോഗമനചിന്ത തുടങ്ങിയവയെല്ലാം ഉള്ളൂർക്കവിതകളുടെ അടിസ്ഥാനഭാവമാണ്. ഉമാകേരളം (മഹാകാവ്യം), കേരളസാഹിത്യചരിത്രം (സാഹിത്യചരിത്രം), കർണ്ണഭൂഷണം, പിംഗള, ബന്ധനസ്ഥനായ അനിരുദ്ധൻ (ഖണ്ഡകാവ്യം), താരഹാരം, തരംഗിണി, കല്പശാഖി, അമൃതധാര (കവിതാസമാഹാരം), തുടങ്ങിയവ അദ്ദേഹത്തിൻെറ പ്രധാന കൃതികളാണ്.

*5. 'വിശ്വം ദീപമയം' എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക*

ഉള്ളൂരിന്റെ 'നവയുഗോദയം' എന്ന കവിതയിലെ ഏതാനും വരികളാണ് 'വിശ്വം ദീപമയം' എന്ന പാഠഭാഗം. ലോകം വെളിച്ചവും ഇരുട്ടും നിറഞ്ഞതാണ്. അതുപോലെ സുഖദുഃഖ സമ്മിശ്രമാണ് ജീവിതവും. പ്രത്യാശയും ആത്മവിശ്വാസവുമാണ് ജീവിതവിജയത്തിന് അടിസ്ഥാനം. മനസ്സിലെ നന്മയുടെ വെളിച്ചം കൊണ്ട് ലോകത്തിന്റെ ഇരുട്ടു മാറ്റാൻ നമുക്ക് കഴിയണം. സ്നേഹം, നന്മ, കാരുണ്യം, അറിവ് തുടങ്ങിയ സദ്ഗുണങ്ങൾ മൂലം ഇരുട്ടു നീക്കുമ്പോൾ ലോകം പ്രകാശമയമായി തീരും. നന്മയുടെ വെളിച്ചം കൊണ്ട് ആവുന്ന വിധം ലോകത്തിന് വെളിച്ചം നൽകാൻ ഉപദേശിക്കുന്നതിനാൽ വിശ്വം ദീപമയം എന്ന ശീർഷകം ഈ കവിതയ്ക്ക് ഉചിതമാണ്.

***